**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3273** **08-10-2025 - ൽ മറുപടിയ്ക്ക്**

**അമരവിള–കാരക്കോണം റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.യുടെ മേൽനോട്ടത്തിൽ നിർമ്മാണം പുരോഗമിക്കുന്ന അമരവിള-കാരക്കോണം റോഡിൽ വീതി കൂട്ടിയപ്പോൾ റോഡിന് നടുവിലായി സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കാത്തത് കാരണം നിരവധി വാഹനാപകടങ്ങൾ ഉണ്ടാവുകയും രണ്ടു പേർ മരണപ്പെടുകയും യാത്രക്കാർക്ക് സുരക്ഷാ ഭീഷണി നേരിടുകയും ചെയ്യുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ; | (എ) | അമരവിള കാരക്കോണം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കെ.എസ്.ഇ.ബി. യൂട്ടിലിറ്റി ഷിഫ്റ്റിങ് പ്രവൃത്തിക്കായി കിഫ്ബിയിൽ നിന്ന് 1,93,84,074/- രൂപ അനുവദിച്ചെങ്കിലും കെ.ആർ.എഫ്.ബി., തിരുവനന്തപുരം മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നടത്തിയ ക്രമക്കേടുകളെ തുടർന്നുള്ള നിയമപരമായ കാര്യങ്ങളാൽ പ്രസ്തുത തുക കെ.എസ്.ഇ.ബി.-യ്ക്ക് കൈമാറുവാൻ സാധിച്ചിരുന്നില്ല. ഇതാണ് പ്രസ്തുത പോസ്റ്റുകൾ മാറ്റാത്ത സാഹചര്യമൊരുക്കിയത്. മേൽ വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കിഫ്ബി സി.ഇ.ഒ-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KSEB Utility Shifting-നായി കെ.ആർ.എഫ്.ബിയുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിനും മഴക്കാലത്തിനുശേഷം SPV യോട് BC പ്രവൃത്തികൾ ആരംഭിക്കുന്നതിനും പുതുക്കിയ പൂർത്തീകരണ കാലാവധിയായ 19/11/2025-നുള്ളിൽ തന്നെ പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. KSEB Utility Shifting-നായി കെ.ആർ.എഫ്.ബിയുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട അനുമതിക്കായി ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പോസ്റ്റുകൾ മാറ്റുന്നതിനായി കിഫ്ബി പണം അനുവദിച്ചുവെങ്കിലും നാളിതുവരെ കെ.ആർ.എഫ്.ബി. കെ.എസ്.ഇ.ബി.ക്ക് പണം ലഭ്യമാക്കാത്തത് കാരണം ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിൽ വീഴ്ച സംഭവിച്ചത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | എ - പിരിവിന്റെ അതേ മറുപടി |
| (സി) | പ്രസ്തുത പോസ്റ്റുകൾ സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കാത്തതിനാൽ ഈ പ്രവൃത്തി | (സി) | എ - പിരിവിന്റെ അതേ മറുപടി |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിൽ പ്രതിദിനം സർക്കാരിന് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ; | | |
| (ഡി) | കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | എ - പിരിവിന്റെ അതേ മറുപടി |
| (ഇ) | യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികൾ പൂർത്തിയാക്കി അമരവിള–കാരക്കോണം റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുള്ള വിവരം വ്യക്തമാക്കാമോ? | (ഇ) | എ - പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ